പദ്ധതി പ്രകാരം വിഭാവന ചെയ്യുന്ന കാർഷിക പദ്ധതികൾ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ ഇവയുടെ ചുമതല ജില്ലാ കൃഷി ഓഫീസർക്കാണ്. 19-10-2013-ലെ സർക്കാർ ഉത്തരവ് (ആർ‌റ്റി.) 1830/2013/എഡി പ്രകാരം പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുതല കമ്മറ്റിയുടെ കൺവീനർ കൃഷി ഓഫീസറും പദ്ധതിയുടെ മേൽനോട്ടം നടത്തുന്ന ജില്ലാതല കമ്മിറ്റിയുടെ വൈസ് ചെയർമാൻ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും കൺവീനർ ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ - ഹോർട്ടിക്കൾച്ചറുമാണ്.

വിത്തുതേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭ്യമാക്കൽ

150 (3121) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽനിന്നും കൃഷി വകുപ്പ് സംഭരിക്കുന്ന വിത്തു തേങ്ങയുടെ വില നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ; വിശദാംശം നല്കാമോ ;

(ബി) വിത്തു തേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) 2014-15 വർഷത്തെ വിത്തുതേങ്ങയുടെ സംഭരണവില നിശ്ചയിച്ചിട്ടില്ല. 2014-15-ലെ വിത്തുതേങ്ങാ സംഭരണ വില നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അടിയന്തര പരിഗണനയിലാണ്. 2014-15 വർഷത്തിൽ വിത്തു തേങ്ങാ സംഭരണം 2015 ജനുവരി മുതലാണ് ആരംഭിച്ചത്. സർക്കാർ നിശ്ചയിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ലഭിക്കേണ്ട അർഹമായ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് e-payment മുഖേനയാണ് നൽകുന്നത്.

കർഷക ആത്മഹത്യകൾ

151 (3122) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly